# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**2003 ലെ കേരള ജലസേചന ജലസംരക്ഷണ നിയമം**

6883 ശ്രീ. ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2003ലെ കേരള ജലസേചന ജലസംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിയമം ഭേദഗതി ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**മഴവെള്ളസംഭരണ യൂണിറ്റുകൾ**

**6884 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഴവെള്ളം സംഭരിക്കുന്നതിന് ജലവിഭവ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) മഴവെള്ളം സംഭരിക്കുന്നതിന് വീടുകൾ കേന്ദ്രീകരിച്ച് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ, ഈ പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ശുദ്ധജല വിതരണ പദ്ധതികൾ**

**6885** **ശ്രീ. ജോസ് തെറ്റയിൽ**
**,, മാത്യു റ്റി. തോമസ്**
**,, സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ചിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഫണ്ട് നഷ്ടപ്പെടുവാൻ ഇടവരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ജപ്പാൻ കുടിവെള്ള പദ്ധതി</u>**

**6886**

**ശ്രീ. വർക്കല കഹാർ**
**,, സി. പി. മുഹമ്മദ്**
**,, റ്റി. എൻ. പ്രതാപൻ**
**,, തേറമ്പിൽ രാമകൃഷ്ണൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **ഡോളർ-രൂപ വിനിമയ നിരക്കിൽ വന്ന വ്യത്യാസം കാരണം ജപ്പാൻ കുടിവെള്ള പദ്ധതി സംസ്ഥാനത്തിന് എങ്ങനെയാണ് പ്രയോജനപ്പെട്ടത് എന്ന് വിശദമാക്കുമോ;**

(ബി) **ഇതുമൂലം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് ലാഭമുണ്ടായത്; വിശദാംശങ്ങൾ എന്തെല്ലാം;**

(സി) **പ്രസ്തുത തുക എങ്ങനെ വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ജില്ലകൾക്കായി പദ്ധതികൾ**

6887 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്താത്ത ജില്ലകളിൽ കുടിവെള്ളത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്കായുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കാര്യക്ഷമമായ ശുദ്ധജല വിതരണം**

6888 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം ക്രമീകരണങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ശുദ്ധജല സംഭരണികളും മറ്റും കൃത്യമായി വൃത്തിയാക്കിയും അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ ചെയ്തും ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ടെട്രാ പായ്ക്കിൽ കുടിവെള്ളം</u>**

**6889** **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**
**,, കെ. കെ. നാരായണൻ**
**,, പി. റ്റി. എ. റഹീം**
**,, സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശുദ്ധമായ കുടിവെള്ളം പരിസ്ഥിതി സൗഹൃദമായ ടെട്രാ പായ്ക്കിൽ വിതരണം ചെയ്യാനായി ജലവിഭവ വകുപ്പ് എവിടെയൊക്കെയാണ് ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നറിയിക്കാമോ;

(ബി) ഈ പ്ലാന്റുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കുടിവെള്ളക്ഷാമ പരിഹാരത്തിന് ചെറുകിട ഫിൽട്ടറേഷൻ പ്ലാന്റുകൾ**

**6890 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ ;

(ബി) ചെറുകിട ഫിൽട്ടറേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് അതാത് സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്ന കമ്പനി സ്ഥാപിക്കുമെന്ന ഒരുവർഷത്തെ കർമ്മപരിപാടിയിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പദ്ധതിയ്ക്കായി ബജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നു ; ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കൊല്ലം ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി**

6891 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർണമായും പ്രവർത്തന സജ്ജമാക്കാൻ ഇനി എത്ര കാലയളവ് വേണ്ടി വരുമെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(ഡി) നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്;

(ഇ) പദ്ധതി പൂർത്തീകരിക്കുമ്പോൾ ആകെ അടങ്കൽ എത്ര രൂപയാകും എന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ**

6892 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-ൽ നിയമസഭ ഐകകണ്ഠ്യേന പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ;

(ബി) രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ച ബില്ലിന്മേൽ കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ ഉണ്ടായോ ; ഇതു നിയമാനുസൃതമായിട്ടുള്ളതാണോ ;

(സി) ഇതിന്മേൽ സംസ്ഥാന സർക്കാർ എടുത്ത നിലപാട് അറിയിക്കാമോ ; അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനയച്ച വിശദീകരണത്തിന്റെ പകർപ്പും മേശപ്പുറത്ത് വയ്ക്കാമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ഡാമുകളിൽ നിന്നും മണൽ വാരുന്നതിന് നടപടി</u>

6893 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മണൽക്ഷാമം പരിഹരിക്കുവാനും റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുമായി ഡാമുകളിൽ നിന്നും യന്ത്രസഹായത്തോടെ മണൽ വാരുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡാമിൽ നിന്ന് എത്ര അളവ് വീതം മണൽ ശേഖരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇത് നടപ്പിലാക്കിയിട്ടില്ലെങ്കിൽ എന്തു കൊണ്ടാണ് നടപ്പാക്കാൻ സാധിക്കാതിരുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ

## 13.07.2012 -ലെ മറുപടിക്ക്

<u>തിരുവനന്തപുരത്തെ അബാക്കസ് സോഫ്റ്റ്‌വെയർ റോളൗട്ട്</u>

**6894 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം നഗരത്തിൽ വിന്യസിച്ചിട്ടുളള അബാക്കസ് സോഫ്റ്റ്‌വെയർ മറ്റേതെങ്കിലും സ്ഥലത്ത് റോളൗട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അബാക്കസ് റോളൗട്ട് ചെയ്യുന്നതിനായി പുതിയ സെർവറും ഡാറ്റാബേസ് സോഫ്റ്റ്‌വെയറും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സോഫ്റ്റ്‌വെയറാണ് ഇതിനായി ഉപയോഗി ക്കുന്നത്;

(സി) റോളൗട്ടിന് ആകെ എത്ര രൂപ ചെലവ് വരും; ഡേറ്റാബേസ് സോഫ്റ്റ്‌വെയറിന്റെ വിലയും ലൈസൻസ് ഫീസും അടക്കം ചെലവിന്റെ വിശദാംശം നൽകാമോ ;

(ഡി) പുതിയ സെർവർ, ഡേറ്റാ ബേസ് സോഫ്റ്റ്‌വെയർ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിനായി വാട്ടർ അതോറിറ്റി ടെണ്ടർ ക്ഷണിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ :

(ഇ) വാട്ടർ അതോറിറ്റിയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കണ മെന്ന് ഐ.ടി സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ നിർദ്ദേശം പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ;

(എഫ്) സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ, പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറുകൾ എന്നിവയുടെ ചെലവുകൾ സംബന്ധിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഈ പഠനമനുസരിച്ച് പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിന് ഉണ്ടാകുന്ന അധിക ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ ; ഈ പഠനപ്രകാരം ഉളള ചെലവുകളുടെ താരതമ്യ വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>മോട്ടോറും പമ്പുസെറ്റും സ്ഥാപിക്കുന്നതിന് നടപടി</u>

6895 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ പാക്കേജിന്റെ ഭാഗമായി മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതുതായി മോട്ടോറും പമ്പുസെറ്റും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു വോ ; ഇതിനായി എത്ര മോട്ടോറും പമ്പുസെറ്റും വകുപ്പ് വാങ്ങിയിട്ടുണ്ട്; എന്തു തുകയാണ് ഇതിനായി ചെലവായിട്ടുളളത് ;

(ബി) മോട്ടോറും പമ്പുസെറ്റും വിതരണം ചെയ്ത ഏജൻസികൾ ഏതൊക്കെയാണ് ; അവർക്ക് നൽകിയ തുകയുടെ വിവരങ്ങൾ ഏജൻസികൾ തിരിച്ച് വിശദമാക്കുമോ ?

(സി) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുളള മാള, അന്നമനട, കുഴൂർ, പൊയ്യ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ ഈ പദ്ധതി പ്രകാരം എത്ര പമ്പ് ഹൗസുകൾക്ക് പുതിയ മോട്ടോറും പമ്പുസെറ്റും നൽകിയിട്ടുണ്ട്;

(ഡി) ഇപ്രകാരം പുതുതായി നൽകിയ മോട്ടോറും പമ്പുസെറ്റും യഥാസമയം പ്രവർത്തിപ്പിക്കാൻ എന്ത് നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുളളത് എന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

ഇടുക്കി ജില്ലയിലെ സോയിൽ പൈപ്പിങ്ങും ഭൂചലനങ്ങളും

6896

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസംഭരണികൾ ധാരാളമുള്ള ഇടുക്കി ജില്ലയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന സോയിൽ പൈപ്പിങ്ങിനെയും ഭൂചലനങ്ങളെയും ഗൗരവമായി കാണണമെന്ന വിദഗ്ദ്ധ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ മൂലമുണ്ടാകുന്ന ഗുരുതരാവസ്ഥ യഥാസമയം ബന്ധപ്പെട്ട ഡാം സുരക്ഷാ ഏജൻസിയെയും കേന്ദ്ര സർക്കാരിനെയും കോടതിയേയും ബോധ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കൊണ്ടോട്ടിയിൽ ജലാശയങ്ങളുടെ സംരക്ഷണം**

**6897** **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ കുളങ്ങൾ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി മേജർ ഇറിഗേഷനിൽ എന്തെങ്കിലും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഇവയുടെ സംരക്ഷണത്തിന് രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി പദ്ധതികളാവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കുട്ടനാട് നിയോജകമണ്ഡലത്തിലെ മൈനർ/മേജർ ഇറിഗേഷൻ പ്രവൃത്തികളുടെ ലിസ്റ്റ്**

**6898 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മൈനർ/ മേജർ ഇറിഗേഷൻ വകുപ്പുകളുടെ കീഴിൽ നിന്നും സാമ്പത്തിക അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കുന്ന കുട്ടനാട് നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ ലിസ്റ്റുകളുടെ പകർപ്പ് ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഇടമലയാർ ഇറിഗേഷൻ പ്രൊജക്ട്**

**6899**

**ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പ്രൊജക്ടിനായി വർഷങ്ങൾക്കുമുമ്പ് കല്ലിട്ടിട്ടുള്ളതും എന്നാൽ ഏറ്റെടുക്കൽ നടപടികൾ യാതൊന്നും തന്നെ ആരംഭിച്ചിട്ടില്ലാത്തതുമായ പ്രദേശങ്ങൾ ഏതെല്ലാമെന്നു വിശദമാക്കാമോ;

(ബി) ഇപ്രകാരം കല്ലിട്ടിട്ടുള്ള സ്ഥലത്തിന്റെ ഉടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) അങ്കമാലി കരയിൽ ചെറിയവാപ്പാലശ്ശേരിയിൽ താമസിക്കുന്ന നെടുമ്പാശ്ശേരി, മേക്കാട് കരയിൽ അരീയ്ക്കൽ വീട്ടിൽ മാത്തിരി മകൾ ഏലമ്മ ടിയാളുടെ സ്ഥലം ഇടമലയാർ കനാലിനുവേണ്ടി കല്ലിട്ടിരിക്കുന്നതിനാൽ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കി കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>കൊണ്ടോട്ടിയിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>**

6900 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ 2010-11, 2011-12 എന്നീ വർഷങ്ങളിൽ മൈനർ ഇറിഗേഷൻ ഏതെല്ലാം പ്രവൃത്തികൾക്കുളള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്; ഓരോ പ്രവൃത്തിയും സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ബാക്കിയുളളവയ്ക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

**6901 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മുനിസിപ്പാലിറ്റിയിലെ 22 ഹെക്ടറോളം വരുന്ന കവരപ്പറമ്പ് പാടശേഖരത്തിലെ കൃഷി ആവശ്യത്തിന് വെള്ളം എത്തിക്കുന്നതിനായി കാലടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ബ്രാഞ്ച് കനാലായ ബി.എം. ചാനലിൽ നിന്നുള്ള സി.സി. കനാൽ പുതുക്കി പണിയുന്നതിനും കവരപ്പറമ്പ് പ്രദേശംവരെ ദീർഘിപ്പിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഈ പാടശേഖരത്തിന്റെ ജലസേചനത്തിനായി ഉപയോഗിച്ചിരുന്ന മോട്ടോർ ഷെഡിന്റെയും മോട്ടോറിന്റെയും പുനരുദ്ധാരണത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കർഷകരും പ്രദേശവാസികളും ജലസേചനത്തിനും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന ഈ കനാലിന്റെ പുനരുദ്ധാരണത്തിനാവശ്യമായ തുക അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>വട്ടിയൂർക്കാവ് മണ്ഡലത്തിലെ മേജർ ഇറിഗേഷൻ ഡിവിഷന്റെ പദ്ധതികൾ</u>**

**6902 ശ്രീ. കെ. മുരളീധരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ മേജർ ഇറിഗേഷൻ ഡിവിഷന് കീഴിൽ 2011-12 വർഷം ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, നിർമ്മാണ പുരോഗതി എന്നിവ വ്യക്തമാക്കുമോ ;

(ബി) മേജർ ഇറിഗേഷൻ ഡിവിഷൻ പ്രസ്തുത മണ്ഡലത്തിൽ 2012-13 വർഷം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ കുളങ്ങൾ**

**6903 ശ്രീ. കെ. മുരളീധരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിന്റെ പരിധിയിലുള്ള പൊതുകുളങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഇവിടെ മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>**

**6904** **ശ്രീ. കെ. മുരളീധരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിന്റ്റെ പരിധിയിൽ മൈനർ ഇറിഗേഷൻ വകുപ്പ് 2011-12 വർഷം ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവൃത്തിയുടെ പുരോഗതി എന്നിവ വ്യക്തമാക്കുമോ;**

(ബി) **ഇവിടെ 2012-13 വർഷം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരം വ്യക്തമാക്കുമോ;**

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**കെ.വൈ.ഐ.പി. ജലസേചന പദ്ധതി**

**6905 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ, ബ്രാഞ്ച് കനാലുകൾ ഏതെല്ലാമെന്നും ഓരോ ബ്രാഞ്ച് കനാലും ആരംഭിക്കുന്നതും അവസാനിക്കുന്നതും ഏത് പ്രദേശത്താണെന്നും വ്യക്തമാക്കാമോ;

(ബി) കെ.വൈ.ഐ.പി ജലസേചന പദ്ധതിയുടെ ഭാഗമായ അക്വഡക്റ്റുകൾ പുനർനിർമ്മിക്കുന്നതിന് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പമ്പ - അച്ചൻകോവിലാർ -വൈപ്പാർ സംയോജനം**

6906 **ഡോ. ടി.എം. തോമസ് ഐസക്**
**ശ്രീ. സി. കെ. സദാശിവൻ**
**,, കെ. സുരേഷ് കുറുപ്പ്**
**,, എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പമ്പയിലേയും അച്ചൻകോവിലാറിലേയും വെള്ളം തമിഴ്നാട്ടിലെ വൈപ്പാർ ബേസിനിലേക്ക് തിരിച്ച് വിടണമെന്ന് ദേശീയ ജലവികസന ഏജൻസി ഏപ്പോഴെങ്കിലും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) ഇതിനെതിരെയുള്ള കേരളത്തിന്റെ പ്രതിഷേധം വകവയ്ക്കാതെ ദേശീയ ജലവികസന ഏജൻസി മുന്നോട്ടു പോകുന്നതായി അറിയാമോ;

(സി) ഇതുമൂലം എന്തെല്ലാം ഭവിഷ്യത്തുകളാണ് സംസ്ഥാനത്തിനുണ്ടാകുക എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നദീസംയോജനം സംബന്ധിച്ച് ഇപ്പോഴുണ്ടായ സുപ്രീം കോടതി വിധി കേരളത്തിന് ഭാവിയിൽ ഏതെല്ലാം നിലയിൽ ദോഷകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; സുപ്രീംകോടതി കേസ് പരഗണിച്ചപ്പോൾ കേരളത്തിനുവേണ്ടി വാദിച്ചത് ആരായിരുന്നു; വാദം എന്തായിരുന്നു;

(ഇ) ഇത് ദോഷകരമല്ലെന്ന നിലപാട് സർക്കാരിനുണ്ടോ; ഇത് മദ്ധ്യകേരളത്തെ ഊഷരഭൂമിയാക്കി മാറ്റുന്നതിലേക്ക് നയിക്കുമെന്ന് അറിയാമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരണം**

6907 ശ്രീ. പാലോട് രവി
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിവർ പ്രൊട്ടക്ഷൻ ഫോഴ്സിന് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും പ്രവർത്തന രീതി എപ്രകാരമാണെന്നും വിശദമാക്കുമോ;

(സി) ഏതൊക്കെ വകുപ്പുകളുമായി സഹകരിച്ചാണ് പ്രസ്തുത സേനക്ക് രൂപം നൽകാനുദ്ദേശിക്കുന്നത്?

**കേരള നിയമസഭ**

**13.07.2012 -ലെ മറുപടിക്ക്**

**<u>ജലാശയങ്ങളുടെ മലിനീകരണം</u>**

6908 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെയും ആശുപത്രികളിലെയും മാലിന്യം കളയാനുള്ള സ്ഥലമായി ജലാശയങ്ങളെ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് ജലവിഭവ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് നടപടികൾ എടുക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 13.07.2012 -ലെ മറുപടിക്ക്

## നദികളിലെ കടൽജലവ്യാപനം

6909

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ബി. അബ്ദുൾ റസാക്
,, എൻ. എ. നെല്ലിക്കുന്ന്
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ നദീമുഖത്തുനിന്ന് ഉള്ളിലേക്ക് വളരെ ദൂരം കടൽജലം വ്യാപിക്കുന്ന പ്രതിഭാസത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രതിഭാസത്തിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കടൽജലവ്യാപനം കാലം ചെല്ലുന്തോറും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലമുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**നദികളിലെ ജലത്തിന്റെ ഗുണനിലവാരം**

6910

ശ്രീ. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികളിലെ ജലം മോശമായ നിലവാരമുള്ളതാണെന്നും കുടിവെള്ളത്തിന് അനുയോജ്യമല്ലെന്നുമുള്ള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ആധാരമായ പഠനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പഠനത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ നദികളിലെ ജലം മലിനമാകുന്നത് തടയുന്നതിനും കുടിവെള്ളത്തിനായി ശുദ്ധജലമെത്തിക്കുന്നതിനും എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ജലാശയങ്ങളുടെ സംരക്ഷണത്തിന് മൈനർ ഇറിഗേഷൻ പദ്ധതികൾ**

6911 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുളങ്ങൾ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി മൈനർ ഇറിഗേഷനിൽ എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ നിന്ന് ഇത് സംബന്ധിച്ച എന്തെങ്കിലും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇവയുടെ സംരക്ഷണത്തിന് രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)യിൽ ഉൾപ്പെടുത്തി പദ്ധതികളാവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>സ്റ്റേറ്റ് റിവർ ആന്റ് വെറ്റ്ലാൻഡ് അതോറിറ്റി</u>

6912 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റേറ്റ് റിവർ ആന്റ് വെറ്റലാൻഡ് അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>കല്ലട ഇറിഗേഷൻ പ്രോജക്ട്</u>**

6913 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പ്രോജക്ട് ജലസേചന ആവശ്യങ്ങൾക്കായി കമ്മീഷൻ ചെയ്തത് എന്നാണ്; നാളിതുവരെ എന്തു തുക ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചശേഷമാണോ കമ്മീഷൻ ചെയ്തത്; അല്ലെങ്കിൽ ഇനി എത്രത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ ശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) കെ. ഐ. പി. കനാലിന്റെ 2.3 കി. മീറ്ററിൽ വിള്ളൽവീണ് തകരാർ സംഭവിച്ചിട്ട് എത്ര വർഷമായി; ഇതുമൂലം ചാത്തന്നൂർ നിയോജക മണ്ഡലത്തിലേക്കുള്ള വെള്ളത്തിന്റെ ഒഴുക്ക് തകരാറിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മേല്പറഞ്ഞ തകരാർ പരിഹരിക്കുന്നതിനായി ജലസേചന വകുപ്പ് ഭരണാനുമതി ആവശ്യപ്പെട്ട് സർക്കാരിന് രേഖകൾ സമർപ്പിച്ചിരുന്നുവോ; എങ്കിൽ എന്നാണ് അത് സമർപ്പിച്ചത് എന്ന് വ്യക്തമാക്കുമോ; ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>കല്ലട ഇറിഗേഷൻ പ്രോജക്ട്</u>

6914

**ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നെൽകൃഷിയ്ക്കും മറ്റ് നാണ്യവിളകൾക്കും ജലസേചനത്തിന് കല്ലട ഇറിഗേഷൻ പ്രോജക്ട് ഉപയോഗപ്രദമാണോ;

(ബി) ഈ പദ്ധതി പ്രകാരം ചെറുകിട ജലവിതരണ പൈപ്പുകൾ വഴി എത്ര ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്തുന്നുണ്ട്; ചെറുകിട ജലസേചന സമ്പ്രദായം ഇപ്പോഴും പ്രവർത്തനക്ഷമമാണോ;

(സി) പ്രസ്തുത പദ്ധതിയിൻകീഴിൽ സ്ലൂയിസ് വഴി ജലവിതരണം നിയന്ത്രിക്കുന്നതിനായി എത്ര സ്റ്റാഫ് നിലവിലുണ്ട്; ഇവർ സ്ഥിരം ജീവനക്കാരാണോ;

(ഡി) ചെറുകിട ജലസേചനത്തിനായി ഇടത് - വലതുകര കനാലുകളിൽ നിന്നും സബ് കനാലുകൾ വഴിയും എത്ര കിലോമീറ്റർ നീളത്തിൽ പൈപ്പുകൾ നിക്ഷേപിച്ചിട്ടുണ്ട്; ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) ഈ പൈപ്പുകൾ ഭൂമിക്കടിയിൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ ഇത് ഉപയുക്തമാക്കാൻ എന്തൊക്കെ തുടർ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ഭാരതപ്പുഴ, ചാലിയാർ, പമ്പാ നദീതട വികസനം</u>

6915 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ ലഭ്യതയ്ക്കും ഫലപ്രദമായ വിനിയോഗത്തിനുമായി 2012-13 ലെ ബജറ്റിൽ 13 കോടി രൂപ വകയിരുത്തിയ ഭാരതപ്പുഴ, ചാലിയാർ, പമ്പാ നദീതട വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭാരതപ്പുഴ നദീതട വികസന പദ്ധതിയിലൂടെ ജലസ്രോതസ്സുകളുടെ ലഭ്യതയും വിനിയോഗവും എപ്രകാരം ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; പാലക്കാട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിയ്ക്കുകയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>പമ്പാനദിയുടെ തീരസംരക്ഷണം</u>

6916 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പമ്പാനദിയുടെ തീരസംരക്ഷണത്തിനായി മേജർ ഇറിഗേഷൻ വകുപ്പിന്റെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഓരോ പ്രോജക്ടിന്റെ പേരും അനുവദിച്ചിട്ടുള്ള തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു; ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കി; ഇനിയും ആരംഭിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ്; ആയതിന്റെ കാരണം സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇവയുടെ നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പത്തനംതിട്ട ജില്ലയിൽ പമ്പാനദിയിലും, മണിമലയാറ്റിലും വിവിധ സ്ഥലങ്ങളിലായി ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനായി എത്ര പ്രോജക്ട് പ്രൊപ്പോസലുകൾ ആണ് ലഭിച്ചിട്ടുള്ളതെന്ന് അവയുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ;

(ഇ) ഇവയിൽ ഏതൊക്കെ ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനാണ് ഇപ്പോൾ അനുമതി നൽകിയിട്ടുള്ളത്; ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(എഫ്) ബാക്കിയുള്ള പ്രോജക്ടുകളുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് കൈക്കൊള്ളാൻ പോകുന്നതെന്ന് വിശദമാക്കാമോ; കടുത്ത ജലദൗർലഭ്യം നേരിടുന്ന അവസ്ഥയിൽ ഈ രണ്ടു നദികളിലെ കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**"പമ്പ ആക്ഷൻ പ്ലാൻ"**

**6917 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) "പമ്പ ആക്ഷൻ പ്ലാൻ" നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ ഇതിനകം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഏതെങ്കിലും പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പമ്പ ആക്ഷൻ പ്ലാനിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിൽ കടൽക്ഷോഭം**
**തടയുന്നതിന് നടപടി**

**6918**

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കാസർഗോഡ് ജില്ലയിൽ വ്യാപകമായ കടൽക്ഷോഭം നേരിടുന്നതിന് വേണ്ടി എന്തൊക്കെ അടിയന്തിര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ അറ്റകുറ്റപ്പണികൾ**

6919

**ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പ് കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പാടശേഖരങ്ങളിലെ അറ്റകുറ്റപ്പണികൾ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫെയ്സ്-3 യും ഫെയ്സ് 4 ഉം ഉൾപ്പെട്ട പാടശേഖരങ്ങളുടെ അറ്റകുറ്റപ്പണികൾ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>രാമപുരം പുഴയിൽ റഗുലേറ്റർ കം ബ്രിഡ്ജ്</u>

**6920** **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ നെൽപ്പാടങ്ങളും തെങ്ങ്കൃഷിയും സംരക്ഷിക്കുന്നതിനുവേണ്ടി രാമപുരം പുഴയിൽ വയലപ്ര പരപ്പ് പ്രദേശത്ത് ഒരു റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കണമെന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ജലസേചനവകുപ്പിൽ സ്പാർക്ക് സംവിധാനം</u>**

6921 **ശ്രീ. വി.ഡി. സതീശൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ നിലവിൽ സ്പാർക്ക് സംവിധാനം ഏതൊക്കെ ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഏതൊക്കെ ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടില്ല എന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ബി) സ്പാർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത ഓഫീസുകളിൽ എന്ന് പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി**

**6922** **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിലെ എച്ച്.ആർ/സി.എൽ.ആർ/ എസ്.എൽ.ആർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) 1716 പേരെ സ്ഥിരപ്പെടുത്താനുള്ള മന്ത്രിസഭാ തീരുമാനം (ഫയൽ നമ്പർ: 18371/എ2/09/ഡബ്ല്യൂ.ആർ) നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് സ്ഥിരനിയമനം നൽകി ഉടൻ ഉത്തരവ് പുറപ്പെടുവിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കോൺട്രാക്ടർമാർക്ക് കരാർതുക ലഭ്യമാക്കാൻ നടപടി**

**6923 ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി തിരുവനന്തപുരം സ്വീവറേജ് ഡിവിഷനിൽ ഓപ്പൺ ടെണ്ടർ വിളിച്ചിരിക്കുന്ന പ്രോജക്ട് വർക്കുകൾ ചെയ്ത് തീർത്ത കോൺട്രാക്ടർമാർക്ക് ഒരു വർഷം കഴിഞ്ഞിട്ടും പേയ്മെന്റ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് എന്ന് പേയ്മെന്റ് നൽകാൻ കഴിയും; ഇതോടൊപ്പമുള്ളതും ഇതേ സ്വഭാവത്തിലുള്ളതുമായ മറ്റ് വർക്കുകൾക്ക് പേയ്മെന്റ് നൽകിയിട്ടുണ്ടോ;

(ബി) കോൺട്രാക്ടർമാർക്ക് നൽകേണ്ടി വന്ന പലിശ ഇനത്തിൽ ഉണ്ടായ നഷ്ടം ബിൽ പേയ്മെന്റ് നൽകാൻ കാലതാമസം വരുത്തിയവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വാട്ടർ അതോറിറ്റിയിലെ ഫിനാൻസ് മാനേജരും എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുള്ള അഭിപ്രായവ്യത്യാസം പേയ്മെന്റ് നൽകാത്തതിന് ഇടയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

### <u>ആശ്രിതനിയമനത്തിൽ കാലതാമസം</u>

**6924 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ ആശ്രിതനിയമനത്തിനായി ലഭിച്ച അപേക്ഷകളിൽ എന്നുവരെയുള്ളവർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(ബി) ആശ്രിത നിയമനം ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്താണ്;

(സി) ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ദിവസ വേതന ജീവനക്കാരുടെ ശമ്പള കുടിശ്ശിക</u>

**6925** ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം പി. എച്ച്. ഡിവിഷന് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ മുടങ്ങികിടക്കുന്ന ശമ്പള കുടിശ്ശിക ഇനത്തിൽ എത്ര തുക ഇനിയും നൽകാനുണ്ട്;

(ബി) മുടങ്ങിക്കിടക്കുന്ന ശമ്പളകുടിശ്ശിക എത്രയും വേഗം നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) കൊല്ലം ഡിവിഷനുകീഴിൽ മെയിന്റനൻസ് കോൺട്രാക്ടേഴ്സിന്റെ ബിൽ കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശിക നൽകുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ജലവിഭവ വകുപ്പിലെ സി.എൽ.ആർ തൊഴിലാളികൾ**

**6926 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്ത് ജലവിഭവ വകുപ്പിൽ എത്ര സി.എൽ. ആർ തൊഴിലാളികളാണ് നിലവിലുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സി. എൽ. ആർ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ?**

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**വർക്കർ ഗ്രേഡ്-2 നിയമനത്തിലെ കാലതാമസം**

6927 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ നീലീശ്വരം കരയിൽ കിടങ്ങേൻ വീട്ടിൽ ശ്രീ. കെ. സി. ചാക്കുവിന് ലഭിക്കേണ്ടിയിരുന്ന വർക്കർ ഗ്രേഡ് - II നിയമനം ജലവിഭവ വകുപ്പിൽ സംഭവിച്ച ക്ലറിക്കൽ തെറ്റുകൾ നിമിത്തം നിഷേധിക്കപ്പെട്ടത് പരിഹരിച്ചുകിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്ന് നടപടി സ്വീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിൽ ഇ. ആർ. പി.</u>

6928 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ അക്കൗണ്ടിംഗിനായി മാത്രം 'ടാലി' എന്ന സോഫ്റ്റ്‌വെയർ വാങ്ങുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ ഇതിന്റെ ചെലവ് എത്ര ലക്ഷം രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ജിക്ക (ജെ. ഐ. സി. എ.) പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുമ്പോൾ ടാലി സിസ്റ്റം സ്ഥാപിക്കുവാൻ പ്രത്യേകമായി കമ്പ്യൂട്ടർ വാങ്ങുന്നത് സ്ഥാപനത്തിന് കനത്ത നഷ്ടം വരുത്തിവയ്ക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കമ്പ്യൂട്ടറൈസേഷനായി എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ. ആർ. പി.) നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് എന്തെങ്കിലും ആധികാരിക പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ഡി) ഇ. ആർ. പി. കേരളാ വാട്ടർ അതോറിറ്റിയിൽ പ്രായോഗികമല്ലെന്ന ശാസ്ത്രീയ നിഗമനം പരിശോധിക്കുവാൻ തയ്യാറാകുമോ?

(ഇ) ഡബിൾ എൻട്രി അക്കൗണ്ടിംഗ് നടപ്പിലാക്കുന്നതിനായിഎൽ. എസ്. ജി. ഡി.ക്കായി ഐ. റ്റി. മിഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സോഫ്റ്റ്‌വെയർ കേരളാ വാട്ടർ അതോറിറ്റിയിലെ അക്കൗണ്ട്സ് ഫൈനലൈസേഷന്

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(എഫ്) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്ന എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം (ഇ.ഐ.എസ്.) ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം (എഫ്.എ.എസ്.) എന്നിവയ്ക്കുള്ള സോഫ്റ്റ്വെയറുകൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ (സി.എം.സി.) മുഖേന തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ തൽസ്ഥിതി വ്യക്തമാക്കുമോ; ഈ ആവശ്യത്തിനായി പ്രസ്തുത സ്ഥാപനത്തിന് പ്രതിഫലം എന്തെങ്കിലും നൽകിയിട്ടുണ്ടോ; വിവരങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സംസ്ഥാനത്തെ കുഴൽക്കിണറുകൾ**

6929 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. കെ. വിജയൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴിച്ചിട്ടുളള കുഴൽകിണറുകളുടെ മൊത്തം എണ്ണം ഭൂഗർഭ ജല വകുപ്പിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇതിൽ സ്വകാര്യ മേഖലയിലുളളവ എത്ര;

(ബി) പ്രവർത്തനരഹിതമായ കുഴൽക്കിണറുകളുണ്ടോ; ഉണ്ടെങ്കിൽ അവയുടെ കണക്ക് എത്ര;

(സി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഉപേക്ഷിക്കപ്പെട്ട കുഴൽ കിണറുകൾ കണ്ടെത്തി അവ നികത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനുളള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ഉപരിതല/ഭൂഗർഭ ജലത്തിന്റെ ഡേറ്റാബാങ്ക്</u>**

**6930 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപരിതല ജലത്തിന്റെയും ഭൂഗർഭ ജലത്തിന്റെയും സ്ഥിതിയും ലഭ്യതയും സംബന്ധിച്ച് എന്തെങ്കിലും പഠന റിപ്പോർട്ടുകൾ ലഭ്യമാണോ ; അല്ലെങ്കിൽ ഈ മേഖലയിൽ സമഗ്രമായ ഒരു പഠനം നടത്തി കണ്ടെത്തുന്ന നിഗമനങ്ങളിൽ ഊന്നി സമഗ്രമായൊരു ജലനയം രൂപീകരിക്കുകയും ഭൂഗർഭ/ഉപരിതല ജലത്തിന്റെ ഒരു ഡേറ്റാബാങ്ക് തയ്യാറാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഇത്തരം ഒരു ഡേറ്റാബാങ്ക് തയ്യാറാക്കുന്നതിനായി ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ഭൂഗർഭ ജല ശേഖരം പോഷിപ്പിക്കുന്നതിന് പദ്ധതി</u>**

**6931** **ശ്രീ. കെ. എൻ. എ. ഖാദർ**
**,, എൻ. ഷംസുദ്ദീൻ**
**,, സി. മമ്മൂട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല ദൗർലഭ്യം നേരിടുന്നതിനും ഭൂഗർഭ ജല ശേഖരം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ച് സമഗ്ര പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി സ്വാഭാവിക കുളങ്ങൾ, ഉറവകൾ എന്നിവ സംരക്ഷിക്കാൻ പരിപാടിയുണ്ടോ ;

(സി) ഭൂഗർഭ ജല ശേഖരം പോഷിപ്പിക്കുന്നതിന് പരമാവധി മഴവെള്ളം ഭൂമിക്കടിയിലേക്ക് കടത്തിവിടാൻ സഹായകമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സ്വകാര്യ ഏജൻസികൾ നടത്തുന്ന ഭൂഗർഭ ജലചൂഷണം**

**6932 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് വെളിയിലുള്ള സ്വകാര്യ ഏജൻസികൾ സംസ്ഥാനത്ത് ബോർവെല്ലുകളും ട്യൂബ്വെല്ലുകളും കുഴിച്ച് ജലംചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന ഭൂജല (നിയന്ത്രണവും ക്രമീകരണവും) നിയമം ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഇപ്പോൾ നലവിലുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഭൂജല വകുപ്പിൽ ജില്ലകളിലെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി**

**6933 ശ്രീ. പി. എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ കീഴിൽ നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനുള്ള അധികാരം ഡയറക്ടറിൽ മാത്രം നിക്ഷിപ്തമാണോ;

(ബി) ഇതുമൂലം സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും സാങ്കേതികാനുമതിയ്ക്കുള്ള ഫയലുകൾ ഡയറക്ടറേറ്റിൽ എത്തിക്കുന്നതുമൂലം കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് വകുപ്പുകളിലെപ്പോലെ ഭൂജല വകുപ്പിൽ ചെറിയ തുകകൾക്കുള്ള പ്രവൃത്തികൾക്ക് അനുമതി നൽകാനുള്ള അധികാരം ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ഭൂജല വകുപ്പിൽ പുതിയ ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതി</u>**

**6934**

**ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ കീഴിലുള്ള പഴയ ഡ്രില്ലിംഗ് മെഷീനുകൾക്കും ഉപകരണങ്ങൾക്കും പകരം പുതിയവ വാങ്ങുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**തൃശൂർ ജില്ലയിലെ കുഴൽ കിണറുകൾ**

**6935** **ശ്രീമതി. ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;**

(ബി) **കഴിഞ്ഞ വർഷം തൃശൂർ ജില്ലയിൽ എത്ര കുഴൽ കിണറുകൾ കുഴിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ജലസ്രോതസ്സുകളുടെ നവീകരണം</u>

6936 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ നവീകരണം, പുനരുദ്ധാരണം, പമ്പുകളുടെയും പൈപ്പുകളുടെയും അറ്റകുറ്റപ്പണികൾ, മാറ്റിസ്ഥാപിക്കൽ എന്നിവയ്ക്കും കഴിഞ്ഞ ബജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ജലസ്രോതസ്സുകളിലേയ്ക്ക് നീരൊഴുക്ക് തിരിച്ചുവിടാൻ സാധ്യമായ സ്ഥലങ്ങളിൽ പുതിയ ഡൈവേർഷൻ ചാനലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**നദികളിൽ റിസർവോയർ നിർമ്മാണം**

**6937 ശ്രീ.എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഴക്കാലങ്ങളിൽ സുലഭമായൊഴുകുന്ന കേരളത്തിലെ നദികളിലെ ജലം വേനൽക്കാലത്ത് കുടിവെള്ളത്തിനുപയോഗപ്പെടുത്തുന്നതിനായി കൂടുതൽ പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) എഡിബി വായ്പപോലുള്ള സഹായങ്ങൾ ഉപയോഗപ്പെടുത്തി ഇത്തരം പദ്ധതികൾ നടപ്പിലാക്കുമോ:

(സി) മലപ്പുറം ജില്ലയിലെ ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, ചാലിയാർ എന്നീ നദികളിൽ കൂടുതൽ റിസർവോയറുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കോഴിക്കോട് നോർത്തിലെ ജലസേചന പദ്ധതികൾ**

**6938** **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ മലബാർ പാക്കേജിൽ ഉൾപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് ജലവിഭവ വകുപ്പിന്റെ കീഴിൽ ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>കാസറഗോഡ് ദേവറടുക്ക കുടിവെള്ള പദ്ധതി</u>**

**6939 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ ദേലമ്പാടി, കാറഡുക്ക പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനായുള്ള ദേവറടുക്ക കുടിവെള്ള പദ്ധതി വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ച പദ്ധതികൾ**

6940 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എസ്.എൽ.എസ്.എസ്.സി. ശുപാർശ ചെയ്ത കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കരുനാഗപ്പള്ളിയിലെ ജലനിധി പദ്ധതി**

6941

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ജലനിധി പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) കരുനാഗപ്പള്ളി മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ജലനിധി പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് കമ്മീഷൻ ചെയ്ത വിവിധ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യാൻ സംവിധാനം നിലവിലുണ്ടോ; എന്താണ് സംവിധാനം എന്നറിയിക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>മട്ടന്നൂർ മണ്ഡലത്തിലെ മാങ്ങാട്ടിടം, തില്ലങ്കേരി പഞ്ചായത്തുകളിൽ ജലനിധിപദ്ധതി</u>**

**6942 ശ്രീ. ഇ.പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ജലനിധി പദ്ധതി പ്രകാരം ഒരു നിയോജക മണ്ഡലത്തിലെ രണ്ടു ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനുളള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒരു പദ്ധതിയ്ക്ക് പരമാവധി എത്ര തുക ലഭ്യമാക്കുവാൻ കഴിയും;

(സി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. നിർദ്ദേശിച്ച മാങ്ങാട്ടിടം, തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിയുടെ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുകയുണ്ടായോ എന്നും ഓരോ പദ്ധതിയ്ക്കും എത്ര തുകയുടെ എസ്റ്റിമേറ്റാണു തയ്യാറാക്കിയിട്ടുളളതെന്നും ഇതിനു ഭരണാനുമതി ലഭ്യമാക്കിയോ എന്നും വ്യക്തമാക്കുമോ;

(ഡി) പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ജലനിധി രണ്ടാംഘട്ട പദ്ധതി**

6943 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജെയിംസ് മാത്യു
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രഗവൺമെന്റും ലോകബാങ്കുമായി ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ വെളിപ്പെടുത്താമോ ; കരാറിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ;

(ബി) പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഗുണഭോക്തൃ പഞ്ചായത്തുകളെ തെരഞ്ഞെടുത്തോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**താനൂർ മണ്ഡലത്തിലെ ജലനിധി പദ്ധതി**

**6944 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് പ്രാമുഖ്യം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) താനൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളാണ് പദ്ധതി നടപ്പാക്കുവാൻ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>കുണ്ടറയിലെ ജലവിതരണ പദ്ധതി</u>

6945 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കുണ്ടറയിൽ നബാർഡിന്റെ സഹായത്തോടെയുള്ള വിപുലീകരണ പദ്ധതി എത്ര പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത് ;

(ബി) മേൽ പദ്ധതിയിൽ നാളിതുവരെ എത്ര പാക്കേജുകൾ തൃപ്തികരമായി പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) കൊട്ടാരക്കര, വെട്ടിക്കവല, പഞ്ചായത്തുകൾക്ക് കുണ്ടറ പദ്ധതിയിൽ നിന്നല്ലാതെ ജലവിതരണം നടത്തുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി</u>**

**6946 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പുനലൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**മംഗലം ഡാം സ്രോതസ്സായ കുടിവെള്ള പദ്ധതി**

6947 **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ, തരൂർ മണ്ഡലങ്ങളിലെ വണ്ടാഴി, കിഴക്കഞ്ചേരി, വടക്കാഞ്ചേരി പഞ്ചായത്തുകൾക്കായി മംഗലം ഡാം സ്രോതസ്സായി വിഭാവന ചെയ്തിട്ടുള്ള കുടിവെള്ള പദ്ധതിക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതു സംബന്ധിച്ച് ജലവിഭവ വകുപ്പിലെയും കേരള വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ സംയുക്തമായി നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ട് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദീകരിക്കാമോ ?

# കേരള നിയമസഭ

## 13.07.2012 -ലെ മറുപടിക്ക്

**<u>കുന്ദമംഗലം നിയോജകമണ്ഡലത്തിലെ</u>**
**<u>കുടിവെള്ള പദ്ധതികൾ</u>**

**6948**

**ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കുന്ദമംഗലം നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് വളള്യാട്ടുമ്മൽ, പുലിക്കുഴി തുടങ്ങിയ ഒൻപത് കുടിവെള്ള പദ്ധതികൾ ടെണ്ടർ ചെയ്തിരുന്നുവോ;**

(ബി) **എങ്കിൽ അവ ഓരോന്നും എന്നാണ് ടെണ്ടർ ചെയ്തത്;**

(സി) **ഇവയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**വെള്ളായണി കായലിൽ നിന്ന് വാട്ടർ അതോറിറ്റി നൽകുന്ന കുടിവെള്ളം**

**6949 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നേമം നിയോജകമണ്ഡലത്തിലെ ഏതൊക്കെ നഗരസഭാ വാർഡുകളിലാണ് വെള്ളായണി കായലിൽ നിന്ന് പൈപ്പുകളിലൂടെ കുടിവെള്ളം എത്തിക്കുന്നത്;

(ബി) പ്രസ്തുത വാർഡുകളിലെ വീടുകളിൽ ഇപ്പോൾ ആഴ്ചയിൽ എത്ര ദിവസമാണ് വാട്ടർ അതോറിറ്റി കുടിവെള്ളം ലഭ്യമാക്കുന്നത്;

(സി) അവിടെ കുടിവെള്ളം ശുദ്ധീകരണ പ്രക്രിയയ്ക്കുശേഷമാണോ ഉപഭോക്താക്കൾക്കു നൽകുന്നത്;

(ഡി) ആണെങ്കിൽ ശുദ്ധീകരണം നടത്തുന്നതു സംബന്ധിച്ച എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവണത</u>

6950

**ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീതടങ്ങളിലും അനുബന്ധ ജലാശയങ്ങളിലും കനാലുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിൽപ്പെട്ട മാലിന്യങ്ങൾ നിക്ഷേപിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടെന്നും എന്തു നടപടിയെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇറച്ചി - മത്സ്യ വില്പനകേന്ദ്രങ്ങളിലേയും ഫ്ളാറ്റുകൾ, ഹോട്ടലുകൾ എന്നിവയിലേയും മാലിന്യങ്ങൾ കനാലുകളിൽ ഒഴുക്കിവിടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുന്നതിന് വകുപ്പുതല അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ശബരിമലയിലും പമ്പയിലും സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ**

6951 **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തിലും പമ്പയിലും സ്വീവറേജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ എന്നാണ് ഭരണാനുമതി നൽകിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പ്ലാന്റിന്റെ നിർമ്മാണം ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്ലാന്റ് നിർമ്മാണം ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കാലപ്പഴക്കം ചെന്ന ശുദ്ധജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

6952 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മിക്ക ശുദ്ധജലവിതരണ പദ്ധതികളുടേയും പൈപ്പുകൾ ഏകദേശം 30 വർഷത്തിലേറെ പഴക്കമുള്ളവയാണെന്നും അവ മാറ്റി ഘട്ടം ഘട്ടമായി പുതിയവ സ്ഥാപിക്കുമെന്നും ഇതിനായി 85 കോടി രൂപ വകയിരുത്തുമെന്നും 2012-13 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഏതെല്ലാം ജില്ലകളെയാണ് ഇതിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എപ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലെ കുടിവെള്ളപദ്ധതിയെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**നാട്ടികയിൽ പൈപ്പ്ലൈൻ ചോർച്ച തടയാൻ നടപടി**

**6953 ശ്രീമതി. ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ കുടിവെള്ള പൈപ്പ്ലൈനുകളിലെ ജലചോർച്ച തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി നിലവിലുള്ള കാലഹരണപ്പെട്ട പൈപ്പുകൾക്ക് പകരം അത്യന്താധുനിക പൈപ്പുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>പൈപ്പുകൾ പൊട്ടി കുടിവെള്ളം മുടങ്ങുന്നത് പരിഹരിക്കാൻ നടപടി</u>**

**6954**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുദിനം പൈപ്പുകൾ പൊട്ടി കുടിവെള്ളം മുടങ്ങുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) വർഷങ്ങളോളം പഴക്കമുള്ള പൈപ്പുകളും സാധനസാമഗ്രികളും ഉപയോഗിക്കുന്നത് പൈപ്പ് പൊട്ടുന്നതിന് കാരണമായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>കുടിവെള്ളത്തിനായി നിവേദനം</u>

6955 **ശ്രീ. എ.കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു കൊല്ലത്തിലധികമായി രാത്രി 12 മണിക്ക് ശേഷം മാത്രം വളരെകുറച്ച് കുടിവെള്ളം ലഭിക്കുന്നുവെന്ന് പരാതിപ്പെട്ടുകൊണ്ട് തിരുവനന്തപുരം, വലിയശാല, റ്റി.സി.23/9311 ൽ താമസം ശ്രീ. രഘുവീരൻ തുടങ്ങി 4 പേർ ചേർന്ന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിവേദനം എന്ന് ലഭിച്ചെന്ന് വ്യക്തമാക്കാമോ; ഇതിന്മേൽ എന്തു നട പടി സ്വീകരിച്ചു;

(ബി) ഇവർക്ക് തുടർച്ചയായി കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>കൊല്ലം - കോവളം ജലപാത</u>**

**6956 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോവളം ജലപാതയുടെ സാക്ഷാത്കാരത്തിനായി മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) കൊല്ലം തോട്ടിൽ നടന്നുവരുന്ന ഡ്രഡ്ജിങ്ങിന്റെ പേരിൽ ലക്ഷക്കണക്കിനു രൂപയുടെ ചെളിയും മണലും രഹസ്യമായി കടത്തിക്കൊണ്ടിരിക്കുന്നതായ പത്രവാർത്തകളും നാട്ടുകാരുടെ ആരോപണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാർപ്പിടങ്ങളുടെ പണി പൂർത്തിയായിട്ടും തോടിനു സമീപമുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടിയെടുക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) പുനരധിവാസ പ്രവർത്തനം നടത്താതെ ഡ്രഡ്ജിങ് അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് മണൽ കടത്തിനെ സഹായിക്കാനാണെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കുമോ;

(ഇ) ജലപാതയ്ക്കനുസരണമായി വിവിധഭാഗങ്ങളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ബോട്ടുജെട്ടികളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ;

(എഫ്) കൊല്ലം-കോവളം ജലപാത യാഥാർത്ഥ്യമാക്കാൻ സത്വര നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**നേമത്ത് ഡ്രെയിനേജ്/സ്വിവറേജ് കണക്ഷൻ**

**6957** **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ നഗരസഭാ വാർഡുകളിലാണ് ഡ്രെയിനേജ്/സ്വിവറേജ് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യം നിലവിലുള്ളത്;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഏതെങ്കിലും നഗരസഭാ വാർഡിലോ/വാർഡുകളിലോ ഡ്രെയിനേജ് കണക്ഷൻ നൽകുന്നത് ഇപ്പോൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് ഏതൊക്കെ വാർഡുകളിലാണെന്നും ആയതിന്റെ കാരണമെന്താണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരത്തെ സ്വിമ്മിങ്ങ് പൂളിന്റെ പ്രവർത്തനം**

**6958 ശ്രീ. എൻ. ഷംസുദ്ദീൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ ഏറ്റവും സൗകര്യമാർന്നതും സർക്കാർ മേഖലയിലുണ്ടായിരുന്നതുമായ സ്വിമ്മിങ്ങ് പൂളിന്റെ പ്രവർത്തനം എന്ന് മുതലാണ് അവസാനിപ്പിച്ചത്;

(ബി) പ്രസ്തുത സ്വിമ്മിങ്ങ് പൂളിന്റെ പ്രവർത്തനം വളരെ പെട്ടെന്ന് നിർത്താനുണ്ടായ കാരണം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പുനർനിർമ്മാണം ആരാണ് നടത്തി വരുന്നത്; പൂളിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ;

(ഡി) സ്വകാര്യ സ്വമ്മിങ്ങ് പൂളുകാർക്ക് ലാഭം കൊയ്യാൻ വേണ്ടിയാണ് പ്രവർത്തനക്ഷമമായിരുന്ന സ്വിമ്മിങ്ങ് പൂൾ പൊളിച്ചതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കോടികൾ ചെലവഴിച്ച പ്രസ്തുത സ്വമ്മിങ്ങ് പൂൾ പ്രവർത്തനരഹിതമാക്കിയതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണത്തിന് ഉത്തരവാകുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**തലസ്ഥാനത്തെ പൈപ്പ് ലൈൻ പൊട്ടലിന് ശാശ്വത പരിഹാരം**

**6959** **ശ്രീ. എ. എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് ശുദ്ധജലമെത്തിക്കുന്ന പൈപ്പുകൾ പൊട്ടുന്നതുമൂലം ജലവിതരണം മിക്കപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് ഒഴിവാക്കുന്നതിനും പൈപ്പ് ലൈൻ പൊട്ടലിന് ശാശ്വത പരിഹാരവുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?